පതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4656

29-06-2012 – ൽ മറുപടിയ്ക്ക്

## കർഷകന് കാർഷിക വായ്പ പരമാവധി ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ കർഷകർക്ക് അഗ്രിക്കൾച്ചർ ഗോൾഡ് ലോൺ ബാങ്കുകൾ നൽകുന്നതിന് ഒരു കർഷകന് പരമാവധി തുക നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പരമാവധി തുക കാനറാ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകൾ നിശ്ചയിച്ചിട്ടുള്ളത് എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) കാർഷിക ആവശ്യത്തിനു നൽകുന്ന അഗ്രികൾച്ചർ ഗോൾഡ് ലോണിന്റെ പരമാവധി തുക ഒരോ ബാങ്കിന്റെ നയങ്ങൾ അനുസരിച്ച് വ്യത്യസ്തമായിരിക്കും. ഇത് കാനറാ ബാങ്കിൽ 3 ലക്ഷമാണ്. എസ്.ബി.ടി യിൽ ഇത് പരമാവധി 10 ലക്ഷം രൂപയാണ്, എന്നാൽ കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡി ഇതിൽ 3 ലക്ഷം രൂപ വരയേ ലഭിക്കുകയുള്ളു. എസ്.ബി.ഐ-ൽ പരമാവധി തുക നിശ്ചയിച്ചിട്ടില്ല. എന്നാൽ അവിടേയും കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡി 3 ലക്ഷം രൂപ വരയേ ലഭിക്കുകയുള്ളു. |
| (ബി) പിതാവിന്റേയോ, മാതാവിന്റേയോ പേരിലുള്ള വസ്തുവിൽ കർഷകൻ കൃഷി ചെയ്യുകയാണെങ്കിൽ കാനറാ ബാങ്ക് കർഷകന് 50,000 രൂപ മാത്രമായി അഗ്രികൾച്ചർ ഗോൾഡ് ലോൺ നൽകുന്ന സമീപനം മാറ്റി 3 ലക്ഷം രൂപയെങ്കിലും ലോൺ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) സ്വന്തം സ്ഥലം/പാട്ട കൃഷിയുടെ സ്ഥലം തുടങ്ങി എല്ലാ സ്ഥലങ്ങളും മൊത്തം പരിഗണിച്ച് ഭൂമിയുടെ രേഖകളുടെ അടിസ്ഥാനത്തിലും, കൃഷി ചെയ്യുന്ന വിളയുടെ അടിസ്ഥാനത്തിലുമാണ് അഗ്രിക്കൾച്ചർ ഗോൾഡ് ലോണിന്റെ തുക നിശ്ചയിച്ചിക്കുന്നത്. കാനറാ ബാങ്കിൽ ഇങ്ങനെ കണക്കാക്കുന്ന വായ്പ തോതനുസരിച്ച് പരമാവധി 3 ലക്ഷം രൂപവരെ വായ്പ ലഭിക്കും. |
| (സി) കാനറാ ബാങ്കിൽ നിന്നും കർഷകന് അഗ്രിക്കൾച്ചർ ഗോൾഡ് ലോൺ ലഭ്യമാക്കുന്നതിന് കർഷകൻ എന്തൊക്കെ രേഖകൾ സമർപ്പിക്കണമെന്ന് വ്യക്തമാക്കുമോ? | (സി) കാനറാ ബാങ്കിൽ നിന്നും അഗ്രിക്കൾച്ചർ ഗോൾഡ് ലോൺ ലഭിക്കുവാൻ വസ്തുവിന്റെ ഉടമസ്ഥാവകാശം/പാട്ട അവകാശം തുടങ്ങിയവ തെളിയിക്കാൻ ഉതകുന്ന കരം അടച്ച രസീത്/പാട്ട കരാർ തുടങ്ങിയവ ഹാജരാക്കുകയും വായ്പ എടുക്കുന്ന സമയത്ത് ഒരു ഡിക്ലറേഷനും നൽകേണ്ടതാണ്. ഇതിനുപുറമേ ലോൺ എടുക്കുന്ന വ്യക്തിക്ക് ബാങ്കിൽ സേവിംഗ്സ് അക്കൗണ്ട് ഉണ്ടായിരിക്കുകയും വേണം. |

സെക്ഷൻ ഓഫീസർ